പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **7047** 02.11.2011-ൽ മറുപടിയ്ക്ക്

**ജാതി സർട്ടിഫിക്കറ്റിനു പകരം സ്മാർട്ട് കാർഡ് പദ്ധതി**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.സി.മോയിൻകുട്ടി | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്മാർട്ട് കാർഡ് രൂപത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;<br>(സി) അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ? | (ബി) & (സി) 1996-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ടിൽ (1996-ലെ 11-ാം ആക്ട്) നിഷ്കർഷിക്കുന്ന പ്രകാരമാണ് പട്ടികജാതിയിലോ, പട്ടികഗോത്ര വർഗ്ഗത്തിലോപെടുന്ന ഏതൊരാളിനും എന്തെങ്കിലും ആവശ്യത്തിന് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്മാർട്ട് കാർഡ് രൂപത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ നൽകുവാൻ നിർവ്വാഹമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുഭവവേദ്യമാകേണ്ട ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നത് തടയുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തിക്കൊണ്ട് ആക്ട് നിലവിൽ വന്നത്. ഇപ്രകാരം സ്മാർട്ട് കാർഡ് അനുവദിച്ച് നൽകുന്നതിന് ആക്ട് ഭേദഗതി ചെയ്യുന്നതടക്കമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രസ്തുത വിഭാഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പര്യാപ്തമായ മറ്റ് നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ